# Holy Voice

## Parish Bullettin

**ഹോളിക്രോസ് തീർത്ഥകേന്ദ്രം, മാപ്രാണം**

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192

പുസ്തകം 1 ലക്കം 12 ജൂലായ് 2013

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ**
ജെയിംസ് നെല്ലിശ്ശേരി 9447466548


**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറെങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9447941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

**പേജുകളിലൂടെ...**

എഡിറ്റോറിയൽ 5
ഇടയശബ്ദം 7
വിശ്വാസവർഷത്തിലെ
വിശുദ്ധവിചാരങ്ങൾ 9
കേന്ദ്രസമിതി ഭാരവാഹിപട്ടിക 13
പുതിയ കൈക്കാരന്മാർ,
തിരുനാൾ കമ്മറ്റി 15
പദപ്രശ്നം 16
സഭാവാർത്തകൾ 21
മതബോധനം 2013-14 23
ബാലപംക്തി 25
2013-16 പ്രതിനിധിയോഗം അംഗങ്ങൾ 27
പ്രാർത്ഥനയുടെ അന്തസത്ത 29
വിവാഹം, മാമ്മോദീസ, മരണം 31
പിന്നിട്ട ലോകം 33
ജാലകത്തിലൂടെ 35
ബൈബിൾ കലണ്ടർ 36



# ഹോളി വോയ്സ്



## പാരിഷ് ബുള്ളറ്റിൻ

## ഹോളിക്രോസ് തീർത്ഥ കേന്ദ്രം, മാപ്രാണം

ജൂലായ് 2013

Published by: Parish Bulletin Committee, Holy Cross Shrine, Mapranam - 680 712

Phone : 0480 2822740, E-mail: holyvoicemapranam@gmail.com



ഫ്രാൻസീസ് മാർപാപ്പ

# എഡിറ്റോറിയൽ



**എന്റെ കർത്താവേ.......... എന്റെ ദൈവമേ.....**

വിശ്വാസത്തിന്റെ പൂർണ്ണതയിൽ രൂപപ്പെട്ട വിശ്വാസ പ്രഘോഷണത്തിന്റെ വാക്കുകളാണിവ. അവിശ്വാസത്തിനപ്പുറം തെറ്റില്ലാത്ത ചില നിർബന്ധങ്ങളുടെ സൃഷ്ടിയായി വേണം ശ്ലീഹായുടെ സംശയത്തെ വിലയിരുത്തേണ്ടതെന്ന് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസത്തിനു ശാസ്ത്രത്തിന്റെ അളവുകോലുകൾ വയ്ക്കുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം നമ്മുടെ ജീവിത സാക്ഷ്യങ്ങളിലൂടെ വളർന്നു വരേണ്ടതാണെന്ന് ശ്ലീഹാ തന്റെ ജീവിതത്തിലൂടെ നമുക്ക് തെളിയിച്ചു തന്നിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ സൈഥരീകരണത്തിലൂടെ ശക്തി സംഭരിച്ച്, തികച്ചും അന്യവും വിദൂരവുമായ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി, ഈ നാട്ടിലെ ജനങ്ങളോട് ഉത്ഥിതനായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ പ്രബോധനങ്ങളെയും കുറിച്ച് പ്രഘോഷിച്ച് ഈ മണ്ണിൽ വിശ്വാസത്തിന്റെ വിത്തുകൾ മുളപ്പിച്ച് ഭാരതസഭയുടെ അപ്പസ്തോലനായി തീർന്നു തോമാശ്ലീഹാ. തന്റെ പ്രേഷിത ദൗത്യത്തിനിടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്ന തോമാശ്ലീഹ ഭാരതസഭയില പ്രഥമ രക്തസാക്ഷിയുമായി. ആ രക്തസാക്ഷിത്വത്തിലൂടെ വളർന്നു വന്നതാണ് നമ്മുടെ വിശ്വാസം. വി.തോമാശ്ലീഹായുടെ ജീവിത മാതൃക പിന്തുടരുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. വിശുദ്ധന്റെ ധന്യമായ ഓർമ്മ ആചരിക്കുന്ന ഈ ജൂലൈ മാസത്തിൽ തന്നെ നമ്മുടെ ഇടവകയുടെ പാരിഷ് ബുള്ളറ്റിൻ, **ഹോളിവോയ്സ്**, ചെറിയൊരു ഇടവേളയ്ക്കു ശേഷം പുനഃപ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ബുള്ളറ്റിൻ കമ്മിറ്റിയ്ക്കുള്ള സന്തോഷം നിങ്ങളുമായി പങ്കുവയ്ക്കുന്നു. ഇതിനായി മുൻകൈയെടുത്ത് ഞങ്ങൾക്ക് ആത്മവിശ്വാസവും എല്ലാവിധ പിന്തുണയും നൽകിയ നമ്മുടെ വികാരിയച്ചൻ ബഹു. ജോജി കല്ലിങ്ങലിനും കൈക്കാരന്മാർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇടവക സമൂഹത്തിന്റെ പിന്തുണയും സഹായ സഹകരണങ്ങളും ഹോളിവോയ്സിന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ് എന്ന് ഓർമ്മപ്പെടുത്താൻ കൂടി ഈ അവസരം ഉപയോഗിക്കുന്നു. കുരിശുമുത്തപ്പന്റെ അനുഗ്രഹത്താൽ എല്ലാം വിജയത്തിലെത്തുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ**

എഡിറ്റർ



# ഇടയശബ്ദം

ദുക്റാന തിരുന്നാളിന്റെ ആഘോഷമാണല്ലോ ജൂലൈ മാസത്തിന്റെ സവിശേഷത. എന്റെ കർത്താവെ, എന്റെ ദൈവമെ! എന്ന ഏറ്റുപറച്ചിലിലൂടെ വിശ്വാസം പ്രഘോഷിച്ച മാർ തോമാശ്ലീഹായുടെ മരണതിരുന്നാൾ സുറിയാനി ക്രൈസ്തവർക്ക് അതുല്യദിനമാണ്. വിശുദ്ധന്റെ വിരൽതുമ്പിലെ രക്തത്തുള്ളി ക്രൈസ്തവ വിശ്വാസത്തിന്റെ ഉറവിടത്തിലേക്കുള്ള ചൂണ്ടുവിരലാണ്. കുരിശിലെ ബലിയിലൂടെ ലോകത്തെ മുഴുവൻ രക്ഷിച്ച യേശു ക്രിസ്തുവിനെ ചൂണ്ടികാണിച്ച് കൊടുക്കുകയാണ് വി.ശ്ലീഹ ചെയ്യുന്നത്. യേശു ലോക രക്ഷകനാണെന്ന് വിശ്വസിച്ച് ആ വിശ്വാസം ലോകം മുഴുവൻ പ്രഘോഷിക്കാൻ കർത്താവിന്റെ തിരുഹൃദയത്തിൽ നിന്നൊഴുകുന്ന തിരുരക്തം കൈക്കൊള്ളണമെന്ന് ദുക്റാന തിരുന്നാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. കൗദാശിക ജീവിതത്തിലൂടെ കരുത്താർജ്ജിച്ച ക്രൈസ്തവന് മാത്രമേ വിശ്വാസത്തിന് വേണ്ടി രക്തസാക്ഷിയാകാൻ കഴിയൂ. നാം ഓരോരുത്തരുടേയും ജീവിത സാഹചര്യങ്ങളിൽ വിശ്വാസ ജീവിതത്തിനുവേണ്ടി നാം ഏറ്റെടുക്കുന്ന ആത്മീയവും ശാരീരികവുമായ സാഹസങ്ങളാണ് നമ്മെ രക്തസാക്ഷികളാക്കുന്നത്. ഈ രക്തസാക്ഷിത്വമാണ്, മാർ തോമാ ശ്ലീഹയിലൂടെ നമുക്ക് പകർന്ന് കിട്ടിയ ക്രൈസ്തവ വിശ്വാസത്തിന്റെ ദീപശിഖ കെടാതെ സൂക്ഷിക്കാൻ അനിവാര്യമായിരിക്കുന്നത്. അതിനുള്ള ആഹ്വാനമാണ് ദുക്റാന തിരുന്നാൾ. തോമാ ശ്ലീഹയെപോലെ നമ്മുടെ കർത്താവിന്റെ തിരുമുറിവുകളെ കാണാനും തൊട്ടനുഭവിക്കാനും നമുക്കും വാശിപിടിക്കാം. ഏവർക്കും ദുക്റാന തിരുന്നാളിന്റെ ആശംസകൾ.

**ഫാ. ജോജി കല്ലിങ്ങൽ**
വികാരിയച്ചൻ.

# വിശ്വാസവർഷത്തിലെ വിശുദ്ധ വിചാരങ്ങൾ



റവ. ഡോ. പോളി പടയാട്ടി
ഡയറക്ടർ, പാക്സ്, കല്ലേറ്റുംകര

**ആമുഖം**

''വിശ്വാസത്തിന്റെ വാതിൽ''എന്നും തുറന്നു കിടക്കുന്നുവെന്ന ഓർമ്മപ്പെടുത്തലിലൂടെ വിശ്വാസത്തിന്റെ തീർത്ഥാടനത്തിന് സഭാ സന്താനങ്ങളെ സവിശേഷമായി സജ്ജമാക്കാനുള്ള ഒരവസരം തിരുസഭയിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സ്ഥാനത്യാഗത്തിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ബെനഡിക്ട് 16-ാമൻ പാപ്പയാണ് ഈ വർഷാചരണം പ്രഖ്യാപിച്ചത്. രണ്ട് സഭാത്മക സംഭവങ്ങളുടെ സംഗമം പവിത്രത ചാർത്തുന്ന വർഷമാണ് 2013. സഭയുടെ അവസാനിക്കാത്ത വസന്തമായ രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചതിന്റെ 50-ാം വർഷവും സാർവത്രിക സഭയുടെ മതബോധനഗ്രന്ഥം പ്രസിദ്ധീകൃതമായതിന്റെ 20-ാം വർഷവും ഒന്നിച്ചു വരുന്നതാണ് വിശ്വാസവർഷത്തിന്റെ പവിത്ര നിമിത്തം. ഒരർത്ഥത്തിൽ വിശുദ്ധ നിമിത്തങ്ങളുടെ നിരന്തര ഗമനമാണ് തിരുസഭാ ചരിത്രം.

**ജൂലൈ 2013**

സീറോ മലബാർ സഭയും വിശ്വാസവർഷവും ജൂലൈമാസവും ഒന്നിച്ചെടുക്കുമ്പോൾ നമുക്ക് വിശ്വാസവർഷത്തിലെ വിശുദ്ധ വിചാരങ്ങളുടെ സമ്പന്നത ദർശിക്കാൻ കഴിയും. ക്രിസ്തു ശിഷ്യരിൽ, ക്രിസ്തുവിനെ കേട്ടും ക്രിസ്തുവിനെ ദർശിച്ചും അവന്റെ തിരുവിലാവിൽ സ്പർശിച്ചും സവിശേഷാനുഭവം സ്വന്തമാക്കിയ തോമാസാണ് സീറോ മലബാർ സഭയുടെ പിതാവ്. ആ അപ്പസ്തോലനെ അനുസ്മരിക്കുന്ന മാസമാണ് ജൂലൈ. ഉത്ഥിതനായ നാഥനിലുള്ള വിശ്വാസം നമുക്ക് കൈമാറിയ അപ്പസ്തോലൻ വിശ്വാസവർഷത്തിൽ നമുക്ക് കൈമാറുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ നാം തയ്യാറാകണം. അതിന് ഏതെങ്കിലും വിധത്തിൽ പ്രേരണയാകണം ഈ ലേഖനം.

**വിശ്വാസം**

ദൈവം വിശുദ്ധ ഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തിയവയെല്ലാം സത്യമാണെന്ന ബോധ്യമാണ് വിശ്വാസം. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം വിശ്വാസത്തെ നിർവചിക്കുന്നതും അങ്ങനെയാണ്. പിതാവായ ദൈവം സ്വന്തം മക്കളോടെന്നപോലെ വെളിപ്പെടുത്തുന്ന കാര്യങ്ങളോട് നിര

ന്തരം ആമേൻ പറയുന്നതാണ് വിശ്വാസം. ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ മനുഷ്യന് പൂർണ്ണമായി മനസ്സിലാകണമെന്നില്ല. വി. ഗ്രന്ഥം തന്നെ പറയുന്നു. “മനുഷ്യന് അഗ്രാഹ്യമായ കാര്യങ്ങളാണ് നിനക്കു വെളിപ്പെടുത്തിയിരിക്കുന്നത്.” (പ്രഭാ: 3:23) “മനുഷ്യന്റെ അന്വേഷണം അങ്ങേയറ്റത്തെത്തിയാലും അവൻ ആരംഭത്തിൽ തന്നെ നിൽക്കുകയുള്ളു. അവന് അതെന്നും പ്രഹേളികയായിരിക്കും.” (പ്രഭാ: 18:7) ഹെബ്രായലേഖകൻ വിശ്വാസത്തിന് നല്ലൊരു നിർവ്വചനം നൽകുന്നുണ്ട്. “വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്.” (ഹെബ്രാ 11:1) “വിശ്വാസത്തിന്റെ വാതിൽ” എന്ന ശ്ലൈഹിക ലേഖനത്തിൽ “ദൈവത്തോട് വ്യക്തിപരമായി ഒട്ടിച്ചേർന്നു നിൽക്കുന്നതാണ് വിശ്വാസം”എന്ന പ്രസ്താവനയുണ്ട്.

## വിശ്വാസം ദൈവത്തിന്റെ ദാനമാണ്.

ദൈവം സൗജന്യമായി ഒരാൾക്കു നൽകുന്ന ദാനമാണ് വിശ്വാസം. വി. പൗലോസ് അപ്പസ്തോലൻ അത് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. “വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അത് നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്.” (എഫേ 2:8)

## വിശ്വാസത്തിന്റെ ഉള്ളടക്കം

വിശ്വാസത്തിന്റെ ഉള്ളടക്കം നമുക്ക് എവിടെ കണ്ടെത്താൻ കഴിയും? അനുദിനം നാം ഏറ്റു ചൊല്ലുന്ന വിശ്വാസ പ്രമാണത്തിലുണ്ട് വിശ്വാസത്തിന്റെ ഉള്ളടക്കം. അവ സംക്ഷിപ്തമായി ഇവിടെ കുറിക്കാം.

പരി.ത്രിത്വം
പരിശുദ്ധ സഭ
കൂദാശകൾ
പുണ്യവാന്മാരുടെ ഐക്യം
പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം
മരണാനന്തര ജീവിതം

വിശ്വസിക്കുന്ന കാര്യങ്ങൾ പ്രാർത്ഥിക്കുവാനും, പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ആഘോഷിക്കുവാനും, ആഘോഷിക്കുന്ന കാര്യങ്ങൾ ജീവിക്കാനും നാം തയ്യാറാകണം.

## വിശ്വാസം നേരിടുന്ന വെല്ലുവിളികൾ

ലേഖനത്തിന്റെ ആദ്യഭാഗത്ത് ഞാൻ സൂചിപ്പിച്ച വെല്ലുവിളികളിലേക്ക് തിരികെ വരാം. അബദ്ധവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും അബദ്ധസിദ്ധാന്തങ്ങളും നിരീശ്വരവാദവും മാത്രമല്ല വിശ്വാസം നേരിടുന്ന വെല്ലുവിളികൾ. അവയെ കുറിച്ചുള്ള പ്രതിപാദ്യവും ഞാനിവിടെ ഒഴിവാക്കുകയാണ്. പകരം അടിയന്തിര ശ്രദ്ധ പതിയേണ്ട ചില കാര്യങ്ങൾ കുറിക്കുകയാണ്.

## ക്രൈസ്തവ മാതാപിതാക്കളുടെ നിസ്സംഗത

വിശ്വാസം കൈമാറ്റം ചെയ്യപ്പെടേണ്ട ഭൂമികയാണ് കുടുംബം. ആ പ്രക്രിയ നടത്തേണ്ടത് മാതാപിതാക്കളും. എന്നാൽ മാതാപിതാക്കൾ അക്കാര്യത്തിൽ പലപ്പോഴും ശ്രദ്ധയില്ലാത്തവരും നിസ്സംഗരുമാണ്. ചില ഉദാഹരണങ്ങൾ കുറിക്കാം. കുഞ്ഞിനു പേരിടുമ്പോൾ തോമസ് എന്നു പേരിട്ടാൽ കുഞ്ഞിന്റെ അപ്പാപ്പൻ തോമസായിരുന്നുവെന്നും ആ പേര് നമ്മുടെ അപ്പസ്തോലൻ വി.തോമാശ്ലീഹായുടേതാണെന്നും തോമസ് ക്രിസ്തു ശിഷ്യരിൽ ഒരാളായിരുന്നുവെന്നും ആ കുഞ്ഞ് വളർന്നു വരുമ്പോൾ അറിയാനിടയാകും. പകരം മനു എന്ന പേരു നൽകിയാലോ? മേരി എന്ന പേര് നൽകാതെ മഞ്ജു, ചിഞ്ജു എന്നിങ്ങനെയുള്ള പേരുകൾ നൽകിയാലോ? ആരെക്കുറിച്ചുള്ള അറിവും ആരിലുള്ള വിശ്വാസവുമാണ് കൈമാറ്റം ചെയ്യപ്പെടുക? ഞായറാഴ്ച വി.കുർബാനയ്ക്ക് പോകാതെ കിടന്നുറങ്ങുന്ന കുഞ്ഞിനെ വിളിച്ചുണർത്തേണ്ടതിനു പകരം "കൊച്ച് ഉറങ്ങിക്കോട്ടെ, അതിന് ക്ഷീണം ഉണ്ടാകും" എന്നു പറയുന്ന അമ്മമാരുടെ നിസ്സംഗത ദുരന്തങ്ങൾക്ക് വഴിമരുന്നായി മാറുന്നുണ്ട്. വിവാഹത്തിന് മുൻപുതന്നെ മകനെയോ മകളെയോ, വിവാഹം കഴിക്കാൻ പോകുന്ന വ്യക്തിയുടെ കൂടെ യാത്ര ചെയ്യാനും സിനിമയ്ക്ക് പോകാനും ടൂറ് പോകാനും അനുവാദം കൊടുക്കുകയോ, സാരമില്ലെന്ന് വെയ്ക്കുകയോ ചെയ്യുന്ന മാതാപിതാക്കൾ വിവാഹമെന്ന വിശുദ്ധ കൂദാശയിലുള്ള വിശ്വാസത്തിന്റെ വേരറക്കുകയല്ലേ ചെയ്യുന്നത്? "ഇപ്പോഴത്തെ കാലമല്ലേ, അങ്ങനെയൊക്കെയുണ്ടാകും." വിശ്വാസത്തിന്റെ ശ്വാസം മുട്ടിക്കുന്ന നിലപാടാണിത്. പെൺകുട്ടികളുടെ വസ്ത്രധാരണത്തിലും ആഭരണങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിലും ഇത്തരത്തിലുള്ള അശ്രദ്ധയോ നിസ്സംഗതയോ മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. മിശ്രവിവാഹങ്ങളുടെ എണ്ണം കൂടിവരുന്നു. മാതാപിതാക്കൾ പരോക്ഷമായി അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടെന്നുള്ളതാണ് ഇത്തരം വിഷയങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാകുന്നത്. ഒരമ്മയുടെ സംഭാഷണം ഞാനിവിടെ പകർത്താം. "അച്ചാ എന്റെ മോളെ കെട്ടുന്നത് ഒരു മുസ്ലീം ചെറുക്കനാ. ആദ്യമൊക്കെ ഞങ്ങളെതിരായിരുന്നു.അന്വേഷിച്ചപ്പോ നല്ല കേസാ!! " "ഒരുവൻ തന്റെ സ്വന്തക്കാരുടെയും പ്രത്യേകിച്ച്, തന്റെ കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ അവൻ വിശ്വാസം ത്യജിച്ചവനും അവിശ്വാസിയേക്കാൾ ഹീനനുമാണ്."(1 തിമോ. 5:8)

## ആധുനിക മനുഷ്യർ വിശ്വാസം നിലനിൽക്കാൻ പ്രാർത്ഥിക്കുന്നില്ല.

അപ്പസ്തോലന്മാർ "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ"

(ലൂക്കാ 17:5) എന്ന് യേശുവിനോട് പ്രാർത്ഥിക്കുന്നുണ്ട്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്. ''നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു'' (ലൂക്കാ 22:32) ഭൗതികനേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയല്ലാതെ ആത്മീയ നന്മകൾക്കുവേണ്ടി ആരും പ്രാർത്ഥിക്കുന്നില്ല. ''അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം.'' (1 പത്രോ. 1:7) വിശ്വാസത്തിനെതിരായി പരീക്ഷകളും പ്രലോഭനങ്ങളും ഉണ്ടാകുമെന്നും പ്രാർത്ഥനയിലൂടെയും പരിശ്രമത്തിലൂടെയും അവയെ നേരിടണമെന്നും വി. പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ന്യായാധിപന്റെയും വിധവയുടേയും ഉപമയിലൂടെ പ്രാർത്ഥനയിൽ വിശ്വാസവും സ്ഥിരതയും ആവശ്യമാണെന്ന് യേശു ഓർമ്മിപ്പിക്കുന്നുണ്ട്. വിശ്വസിച്ച് കാത്തിരിക്കാൻ സാധിച്ചില്ലെങ്കിൽ വിശ്വാസം നഷ്ടപ്പെടാമെന്ന് യേശു മുന്നറിയിപ്പ് നൽകുന്നുണ്ട്. ''മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കാണുമോ? ''(ലൂക്കാ 18:8)

## നാം വളരുന്നതോടൊപ്പം വിശ്വാസവും വളർത്തുന്നില്ല

നാം ശ്രദ്ധാപൂർവ്വം വളർത്തി കൊണ്ടുവരേണ്ട ദൈവിക ദാനമാണ് വിശ്വാസം. നാം വളരുന്നതിനനുസരിച്ചും നമ്മുടെ അറിവ് വർദ്ധിക്കുന്നതിനനുസരിച്ചും നമ്മുടെ വിശ്വാസത്തെ വളർത്തണം. ആർജ്ജിക്കുന്ന അറിവിന് ആനുപാതികമായി വിശ്വാസം വളർത്തണം. പരിശുദ്ധാത്മാവാണ് വിശ്വാസത്തിൽ നമ്മെ വളർത്തുക. ''നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ.'' (യൂദാസ് 20)

സുകൃത സമ്പന്നമായ ജീവിതവും ഉപവി സമൃദ്ധമായ പ്രവർത്തനങ്ങളും വഴി ഒരാൾക്ക് വിശ്വാസത്തിൽ വളരാൻ കഴിയും. ''നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനം കൊണ്ടും, ജ്ഞാനത്തെ ആത്മസംയമനം കൊണ്ടും, ആത്മസംയമനത്തെ ക്ഷമ കൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദര സ്നേഹം കൊണ്ടും, സഹോദര സ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കുവിൻ'' (2 പത്രോ 1:5-7)

## ഉപസംഹാരം

വിശ്വാസത്തിന്റെ അനശ്വര ജ്യോതി നമ്മുടെ കൈകളിലേക്ക് കൈമാറി തന്ന വിശുദ്ധ തോമാശ്ലീഹായെ അനുസ്മരിക്കുന്ന ജൂലായ് മാസം വിശ്വാസത്തിന്റെ ശാക്തീകരണവും നവീകരണവും നമ്മിൽ സംഭവിക്കാൻ വിശ്വാസ വർഷത്തിൽ നമുക്കു പ്രതിജ്ഞാബദ്ധരാകാം. ''വിശ്വാസികൾ തങ്ങളുടെ വിശ്വാസം വഴി കൂടുതൽ ശക്തരാകട്ടെ.'' (വി. അഗസ്റ്റിൻ)

## കുടുംബസമ്മേളന കേന്ദ്രസമിതി ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കോപ്പുള്ളി ദേവസി തോമസ് | Mob :8547833078 |
| വൈ.പ്രസിഡന്റ് | നെല്ലിശ്ശേരി തോമസ് ജെയിംസ് | Mob :9447466548 |
| സെക്രട്ടറി | കാഞ്ഞിരക്കാരൻ തോബിയാസ് ഷെർളി | Ph :2831889 |
| ജോ. സെക്രട്ടറി | മുളരിക്കൽ ഓട്ടക്കാരൻ ജേക്കബ്ബ് ബീന | Ph :2828488 |
| ട്രഷറർ | പഴേടത്തുപറമ്പിൽ ദേവസി ദേവസികുട്ടി | Mob :9400614140 |

### കമ്മറ്റി അംഗങ്ങൾ

ചാക്കോര്യ ജോസ് സൈമൺ-Ph: 2824191, കുറ്റിക്കാടൻ ജോർജ് ഡേവിസ് -Ph:2824181
നെല്ലേപ്പിള്ളി വിൻസെന്റ് ജെസി- Ph: 2822195, പള്ളിത്തറ ജോർജ് മേരി- Ph: 2824170

### കുടുംബസമ്മേളനയൂണിറ്റ് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും പേരുവിവരം

### സെന്റ് അൽഫോൻസ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | കോലഞ്ചേരി കൊച്ചുപൈലോ ചെറിയാൻ | Ph :2829459 |
| സെക്രട്ടറി | ആഴ്ചങ്ങാടൻ ജോഷി ഷൈനി | Ph :3209471 |

### സെന്റ് മേരീസ് I

| | | |
|---|---|---|
| പ്രസിഡന്റ് | കോപ്പുള്ളി ദേവസി തോമസ് | Ph :2820788 |
| സെക്രട്ടറി | പടമാടൻ വർഗ്ഗീസ് റാണി | Mob :9995622747 |

### സെന്റ് മേരീസ് II

| | | |
|---|---|---|
| പ്രസിഡന്റ് | കള്ളിക്കാടൻ കൊച്ചപ്പൻ വിൻസെന്റ് | Mob :9349147293 |
| സെക്രട്ടറി | തൊമ്മാന ജോൺസൻ ഡിൻസി | Mob :9605132467 |

### മദർതെരേസ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | ആഴ്ചങ്ങാടൻ ആന്റണി പ്രസാദ് | Mob :9447121116 |
| സെക്രട്ടറി | മുളരിക്കൽ ഓട്ടകാരൻ ജേക്കബ് ബീന | Mob :9645111984 |

### സെന്റ് സേവിയേഴ്സ് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | കുറ്റിക്കാടൻ ജോർജ്ജ് ഡേവിസ് | Mob :9400034181 |
| സെക്രട്ടറി | കുറ്റിക്കാടൻ ആന്റു സോജ | Ph :2826511 |

### സെന്റ് റോസ് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | ഒല്ലൂക്കാരൻ പോൾ ജിൽസൻ | Mob :9447614770 |
| സെക്രട്ടറി | കാഞ്ഞിരക്കാടൻ തോബിയാസ് ഷെർളി | Mob :9961898352 |

### സെന്റ് ജോർജ് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | കള്ളാപറമ്പിൽ കൊച്ചുവാറു ജോയ്സൻ | Mob :9809474700 |
| സെക്രട്ടറി | ചിന്നൻ ഡെന്നീസ് ശോഭ | |

### സെന്റ് ജോൺ I

| | | | |
|---|---|---|---|
| പ്രസിഡന്റ് | എരങ്ങത്തുപറമ്പിൽ റപ്പായി വർഗ്ഗീസ് | Ph | :04802826824 |
| സെക്രട്ടറി | കോലങ്കണ്ണി ജോയ്സൻ ജോളി | Mob | :9562212153 |

### സെന്റ് ജോൺ II

| | | | |
|---|---|---|---|
| പ്രസിഡന്റ് | ആലപ്പാടൻ ലാസർ ജോണി | Mob | :9544521257 |
| സെക്രട്ടറി | നെല്ലേപ്പിള്ളി വിൻസന്റ് ജെസി | Mob | :9495782027 |

### ഹോളി ക്രോസ് യൂണിറ്റ്

| | | | |
|---|---|---|---|
| പ്രസിഡന്റ് | നായങ്കര ചിന്നൻ പൗലോസ് ജെൻസൻ | Mob | :8606703431 |
| സെക്രട്ടറി | അരിമ്പൂർ വള്ളിശ്ശേരി പോൾ ഷീബ | Mob | :9567656943 |

### സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

| | | | |
|---|---|---|---|
| പ്രസിഡന്റ് | തെക്കിനിയത്ത് ജോസഫ് ഷാനി | Mob | :9846679143 |
| സെക്രട്ടറി | കാഞ്ഞിരപ്പുള്ളൻ ജോസ് ജെയ്നി | | |

### സെന്റ് ഗീവർഗ്ഗീസ് യൂണിറ്റ്

| | | | |
|---|---|---|---|
| പ്രസിഡന്റ് | തേലപ്പിള്ളി പാറേമേൽ വറീത് മിൽസൻ | Mob | :9961286592 |
| സെക്രട്ടറി | ചേളിപറമ്പിൽ ജോജോ സിജി | Ph | :04802888281 |

### സെന്റ് ആന്റണീസ് I

| | | | |
|---|---|---|---|
| പ്രസിഡന്റ് | കുറ്റിക്കാടൻ ഇട്ടിക്കുരു ജോസ് | Ph | :04802832347 |
| സെക്രട്ടറി | തെറ്റയിൽ ആന്റോ മിനി | | |

### സെന്റ് ആന്റണീസ് II

| | | | |
|---|---|---|---|
| പ്രസിഡന്റ് | എറാട്ടുകാരൻ പൊറിഞ്ചു ജോർജ് | Mob | :9605666658 |
| സെക്രട്ടറി | പന്തലിപ്പാടൻ ജെയ്സൻ സാലി | Mob | :9656652479 |

### സെന്റ് ജോസഫ് യൂണിറ്റ്

| | | | |
|---|---|---|---|
| പ്രസിഡന്റ് | നെല്ലിശ്ശേരി തോമസ് ജെയിംസ് | Mob | :9447466548 |
| സെക്രട്ടറി | പുന്നേലിപറമ്പിൽ ഷാജു ജിജി | Ph | :0480 2831155 |

## കുടുംബസമ്മേളന കേന്ദ്രസമിതി ഭാരവാഹികൾ



തോമസ്
കോപ്പുള്ളി
പ്രസിഡണ്ട്




ജെയിംസ്
നെല്ലിശ്ശേരി
വൈസ്പ്രസിഡണ്ട്



ഷേർളി
തോബിയാസ്
സെക്രട്ടറി



ബീന ജേക്കബ്ബ്
ജോ.സെക്രട്ടറി



ദേവസ്സികുട്ടി
പഴേടത്തുപറമ്പിൽ
ട്രഷറർ

## പുതിയ കൈക്കാരന്മാർക്ക് ആശംസകൾ



ജോസ്
ചെങ്ങാലൂക്കാരൻ



ജോസഫ്
കാച്ചപ്പിള്ളി



സൈമൺ
ചാക്കോര്യ

## സ്ഥാനമൊഴിയുന്ന കൈക്കാരന്മാർക്ക് നന്ദിപൂർവ്വം



ജോസ്
കള്ളാപറമ്പിൽ



ചാർളി
തൊമ്മാന



ജേക്കബ്ബ്
മുളരിയ്ക്കൽ

## 2014-കുരിശുമുത്തപ്പന്റെ തിരുനാൾ കമ്മിറ്റി

### പബ്ലിസിറ്റി



സെബി
കള്ളാപറമ്പിൽ
കൺവീനർ



ജോർജ്ജ്
എറാട്ടുകാരൻ
സെക്രട്ടറി

### പുഷ്പകുരിശ്




ജിഷു
കുവ്വാപറമ്പിൽ
പ്രസിഡന്റ്



അനൂപ് അറയ്ക്കൽ
സെക്രട്ടറി



അനൂപ് ബേബി
അറയ്ക്കൽ
ട്രഷറർ



ടോമി
കള്ളാപറമ്പിൽ
ഊട്ടുസദ്യ



ജോർജ്ജ്
ചെങ്ങാലൂക്കാരൻ
തിരി തെളിയിക്കൽ



ജെയിംസ്
നെല്ലിശ്ശേരി
മ്യൂസിയം



ജോർജ്ജ്
തെക്കൂടൻ
വളണ്ടിയർ

# സഭാ വാർത്തകൾ

സി.ഡെൽസാ മരിയ FCC
മാപ്രാണം

**1. കെ.സി.ബി.സി. മതാധ്യാപക അവാർഡുകൾ വിതരണം ചെയ്തു.**

വിശ്വാസ പരിശീലന രംഗത്ത് നിസ്തുലമായ സേവനങ്ങൾ നൽകിയിട്ടുള്ള മതാധ്യാപകർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി ഏർപ്പെടുത്തിയിട്ടുള്ള 2013-ലെ അവാർഡുകൾ വിതരണം ചെയ്തു. എറണാകുളം - അങ്കമാലി അതിരൂപതയിലെ അശോകപുരം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ ശ്രീ. ഷാജി മാലിപ്പാറ, തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ കിള്ളിപ്പാലം സെന്റ് ജൂഡ് ഇടവകാംഗമായ ശ്രീമതി സെലിൻ എം. ജെയിംസ്, ബത്തേരി മലങ്കര രൂപതയിലെ ഉപ്പട്ടി സെ.ജോർജ്ജ് ഇടവകാംഗമായ ശ്രീ. പി.വി. ജോസഫ് പന്തപ്പിള്ളിൽ എന്നിവരാണ് അവാർഡു ജേതാക്കൾ. ഇരുപത്തയ്യായിരം രൂപയും പ്രശംസാപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

**2. മാർപ്പാപ്പയ്ക്ക് കർദ്ദിനാൾമാരുടെ ഉപദേശകസംഘം.**

കോൺക്ലേവിനു മുമ്പു നടന്ന കർദ്ദിനാൾമാരുടെ പൊതു സമ്മേളനങ്ങളിൽ ഉണ്ടായ നിർദ്ദേശാനുസരണം, സാർവത്രിക സഭയുടെ ഭരണത്തിൽ മാർപ്പാപ്പയ്ക്ക് കൂടിയാലോചിക്കുന്നതിനും റോമൻ കൂരിയയെ സംബന്ധിച്ച "നല്ല ഇടയൻ"എന്ന അപ്പസ്തോലിക പ്രമാണരേഖ പരിഷ്ക്കരിക്കാനുള്ള പദ്ധതിയെക്കുറിച്ച് പഠിക്കാനും വേണ്ടി ഫ്രാൻസിസ് പാപ്പ കർദ്ദിനാൾമാരുടെ ഒരു സംഘത്തെ നിയമിച്ചു. ആദ്യയോഗം 2013 ഒക്ടോബർ 1 മുതൽ 3 വരെ.

**3. യുവജനങ്ങൾ സഭയുടെ സ്വപ്നം - മാർപ്പാപ്പ**

ജീവിതയാത്ര ആരംഭിച്ചിരിക്കുന്ന യുവജനങ്ങളെ, ദൈവം നിങ്ങൾക്കുതന്ന താലന്തുകളെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മറ്റുള്ളവരുടെ സേവനത്തിനായി അവ എങ്ങനെ ഉപയോഗിക്കാമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ താലന്തുകൾ കുഴിച്ചിടരുത്. ഉന്നതമായ ആദർശങ്ങളിൽ, ഹൃദയത്തെ വികസിപ്പിക്കുന്ന ആദർശങ്ങളിൽ, ദൃഷ്ടി ഊന്നുക. നമുക്കുവേണ്ടി അസൂയാപൂർവം സൂക്ഷിക്കുവാൻ നമുക്ക് തന്നിട്ടുള്ളതല്ല ഈ ജീവിതം. നാം അത് തിരികെ കൊടുക്കാൻ വേണ്ടി നമുക്ക് നൽകപ്പെട്ടിരിക്കുകയാണ്. പ്രിയ യുവജനങ്ങളെ, സജീവമായ ഉത്സാഹം ഉള്ളവരാകുക. മഹത്തായ കാര്യങ്ങൾ സ്വപനം കാണുവാൻ നിങ്ങൾ ഭയപ്പെടരുത്. നിങ്ങളാണ് സഭയുടെ സ്വപ്നം.

**4. മുംബൈയ്ക്ക് രണ്ട് സഹായ മെത്രാന്മാർ**

കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിനെ സഭാപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിന് ഫ്രാൻസിസ് പാപ്പ രണ്ട് സഹായ മെത്രാന്മാരെ നിയമിച്ചു. ഫാ. സാവിയോ ഡൊമനിക് ഫെർണാണ്ടസും ഫാ. ജോൺ റോഡ്രിഗ്സുമാണ് പുതിയ ഇടയന്മാർ. ഇന്ത്യയിലെ ഏറ്റവും വലിയ കത്തോലിക്കാ രൂപതയാണ് മുംബൈ.

# മതബോധനം 2013-14

ഈ വർഷത്തെ വിശ്വാസ പരിശീലനം ജൂൺ 2-ാം തിയതി ഞായറാഴ്ച ആരംഭിക്കുകയുണ്ടായി. കാലത്ത് 9.15നു എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകർ നെറ്റിയിൽ കളഭം ചാർത്തി ദേവാലയത്തിലേക്കു സ്വീകരിച്ചു.

9.30നു ബ്രദർ. ബിനോജ് തെക്കേക്കരയുടെ നേതൃത്വത്തിൽ ആരംഭിച്ച ബൈബിൾ പ്രദക്ഷിണം, അദ്ധ്യാപകരുടെയും കുട്ടികളുടെയും അകമ്പടിയോടെ ആൾത്താരയിൽ അവസാനിക്കുകയും ബൈബിൾ ബലിപീഠത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

ഇടവക വികാരി ഫാ. ജോജി കല്ലിങ്ങലിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കു മദ്ധ്യേയുള്ള സന്ദേശത്തിൽ വിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണു വിശ്വാസ പരിശീലനത്തിന്റെ ആരംഭം കുറിക്കേണ്ടതെന്നും ഓർമ്മിപ്പിക്കുകയുണ്ടായി. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഷ്ഠിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ ഉത്തരവാദിത്വത്തെക്കുറിച്ച് ലളിതവും ഹൃദ്യവുമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും കാഴ്ച സമർപ്പണം നടത്തി. ദിവ്യബലിക്കുശേഷം പ്രധാന അദ്ധ്യാപകൻ ലോനപ്പൻ മാസ്റ്ററുടെ നേതൃത്വത്തിൽ അസംബ്ലിയും നടക്കുകയുണ്ടായി.

**ഈ വർഷത്തെ ആപ്തവാക്യം**

**"ഗുരുദർശനം ധാർമിക ജീവിതത്തിലൂടെ...."**

അദ്ധ്യാപകരുടെ ക്ലാസ്സുകളും ടെലഫോൺ നമ്പറുകളും

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ലോനപ്പൻ തട്ടിൽ മണ്ടി | 9495884167<br>0480 2826083 |
| STD I A | റാണി ആന്റണി | 9446882845 |
| B | ലെക്സി ജോസ് | 9447659385 |
| II A | ലീന ജോർജ് | 9048939851 |
| B | ഡിൻസി ജോൺസൺ | 9605132467 |
| III A | ലിസ്സി പോൾ | 0480 2823715 |

| | | |
|---|---|---|
| III B | സ്മിത ബേബി | 8547197950 |
| IV A | ജിജി ഷാജു | 8547323731 |
| B | ജിൽന ജോൺ | 9388864844 |
| V A | ഷീജ ടോമി | 0480 2824178 |
| B | സിനി പോൾ | 9446233148 |
| VI A | ജെൻസൻ എൻ.പി. | 8606703431 |
| B | അനൂപ് ബേബി അറയ്ക്കൽ | 9947272633 |
| VIIA | Sr. ഡെൽസ മരിയ FCC | 0480 2822935 |
| B | അനന്ത് അറയ്ക്കൽ | 9387643606 |
| VIII A | സോളി സൈമൺ | 0480 2824191 |
| B | സിൻസി പോളി | 0480 2888966 |
| IX A | Sr. ലിഥിയ FCC | 0480 2822935 |
| B | അൽഫോൻസ റപ്പായി | 9495853510 |
| X A | കൊച്ചുത്രേസ്യ ജോസഫ് | 9497316066 |
| B | Sr. ക്രിസറ്റ് FCC | 0480 2822935 |
| XI | ജോഷി എം.ടി. | 9895467530 |
| XII | ജിമ്മി കെ.എം. | 9446628588 |

യൂത്ത് ക്ലാസ്സ് : ബ്രദർ ബിനോജ് തെക്കേക്കര 9744186626

സബ്സ്റ്റിറ്റ്യൂട്ട് : ജോസഫ് കാച്ചപ്പിള്ളി 9400878280

ക്രിസ്റ്റി പോൾ 9747941924

ആൽഫി ആന്റണി 0480 2856406

# ലോഗോസ് ക്വിസ് 2013

വിഷയം : ലേവ്യർ 1-14, ലൂക്ക 1-12

യോഹന്നാൻ എഴുതിയ 1-ാം ലേഖനം

ഉപയോഗിക്കേണ്ടത് : പി.ഒ.സി. ബൈബിൾ

**രജിസ്ട്രേഷൻ തിയ്യതി :**

**2013 ജൂൺ 1 മുതൽ ജൂലൈ 31 വരെ.**

ഹോളിവോയ്സിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങളും പംക്തികളും വിലയിരുത്തി ഒരു പേജിൽകവിയാത്ത ആസ്വാദനകുറിപ്പ് ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട സൃഷ്ടിയും വിജയിയുടെ ഫോട്ടോയും ഹോളിവോയ്സ് ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനുപുറമേ പ്രത്യേക സമ്മാനവും നൽകുന്നതാണ്. **ആസ്വാദനകുറിപ്പ് ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി 2013 ജൂലൈ 15**

# ബാലപംക്തി

ക്രിസ്റ്റി പോളി ആഴ്ചങ്ങാടൻ

കൊച്ചുകൂട്ടുകാരെ,

ഒരിടത്ത് വളരെ നല്ലവനായ ഒരു അപ്പൂപ്പനുണ്ടായിരുന്നു. ഉൾനാടൻ ഗ്രാമപ്രദേശത്ത് താമസിച്ചിരുന്ന ആ വൃദ്ധൻ എല്ലാ ദിവസവും അവരുടെ മാർക്കറ്റിൽ പോയി ഒരു വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് കഥ പറയുമായിരുന്നു. തേനൂറുന്ന ഗുണപാഠമുള്ള ആ കഥകൾ കേൾക്കാൻ കുട്ടികൾ മുതൽ മുതിർന്നവർ വരെ അപ്പൂപ്പനു ചുറ്റും കൂടി നിൽക്കും. എല്ലാവരും അപ്പൂപ്പനെ ഒരുപാട് സ്നേഹിച്ചിരുന്നു, ബഹുമാനിച്ചിരുന്നു. അവർ നൽകുന്ന സ്നേഹ സമ്മാനങ്ങളായിരുന്നു അപ്പൂപ്പന്റെ ഭക്ഷണം. കുറേ നാളുകൾ കടന്ന് പോയി, പെട്ടെന്ന് ഒരിക്കൽ അദ്ദേഹം കഥ പറച്ചിൽ നിർത്തി. വൃക്ഷത്തണലിൽ വെറുതെ വന്നിരിക്കും. ജനക്കൂട്ടം ആ മനുഷ്യനെ കുറ്റപ്പെടുത്താൻ തുടങ്ങി. പരിഹാസങ്ങളും കളിയാക്കലുകളും കേട്ടെങ്കിലും അദ്ദേഹം നിശബ്ദനായിരുന്നു. ഒരു ദിവസം ആ വൃദ്ധൻ എല്ലാവരേയും വിളിച്ചുകൂട്ടി പറഞ്ഞു. "ഞാനെത്രയേറെ കഥകൾ നിങ്ങൾക്കായ് പറഞ്ഞുതന്നു. നിങ്ങളെല്ലാവരും അത് കേട്ട് സന്തോഷിച്ചു, എനിക്ക് സമ്മാനങ്ങൾ നൽകി. ഓരോ കഥകളോടൊപ്പം നിങ്ങൾക്ക് ഞാനോരോ ഗുണപാഠങ്ങളും ഉപദേശങ്ങളും നൽകിയിരുന്നു. നിങ്ങളിലാരെങ്കിലും അവ ശ്രദ്ധിച്ചിരുന്നെങ്കിൽ എന്നെ കുറ്റപ്പെടുത്തുകയോ കളിയാക്കുകയോ ഇല്ലായിരുന്നു. കഥ പറഞ്ഞ് സന്തോഷിപ്പിക്കുന്നതിനേക്കാൾ നിങ്ങളുടെ മനസ്സിനെ നന്മയുള്ളതാക്കി തീർക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം". ആ വൃദ്ധന്റെ വാക്കുകൾക്ക് നിശബ്ദത മാത്രമായിരുന്നു മറുപടി.

പ്രിയ കൂട്ടുകാരെ, നിങ്ങൾക്കായ് ഒരുക്കുന്ന ഓരോ കഥകളിലും കവിതകളിലും അറിവിന്റെ ചോദ്യോത്തര വേളകളിലും വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ദൈവസ്നേഹത്തിന്റെയും അക്ഷയഖനിയുണ്ട്. അതോരോന്നും പ്രാവർത്തികമാക്കുമ്പോൾ നന്മയുടെ ചുവടുകൾ നാം മുന്നോട്ട് വയ്ക്കുന്നു. നമ്മിലെ ബോധ്യങ്ങളെ ഹൃദയവിശുദ്ധിയിൽ പൊതിഞ്ഞ്, നൈർമല്യത്തിൽ ചാലിച്ച് നന്മയുടെ ആഴങ്ങളിലേക്ക് ഒഴുക്കുമ്പോൾ, നിങ്ങൾ ജീവിത വിജയം കൈവരിക്കുന്നു. അതായിരിക്കും നിങ്ങളുടെ സ്വർഗ്ഗം.

# പ്രതിനിധിയോഗ അംഗങ്ങൾ (2013 – 2016)

## ഹോളി ക്രോസ് ചർച്ച്, മാപ്രാണം.

| | |
|---|---|
| **ഫാ.ജോസ് മാളിയേക്കൽ** (വികാരി ) | 2826192 |
| കള്ളാപറമ്പിൽ പൗലോസ് സെബി | 9946105324 |
| ആഴ്ചങ്ങാടൻ ജോസഫ് ആന്റണി | 9961482116 |
| നായങ്കര ദേവസി ജോൺസൺ | 9447513353 |
| കുറ്റിക്കാടൻ പൈലി ഡേവിസ് | 9544689531 |
| ചെങ്ങാലൂക്കാരൻ ദേവസി ജോസ് | 9747725558 |
| ചക്രംപുള്ളി അന്തോണി ജോസ് | 9446763503 |
| തട്ടിൽ മാപ്രാണത്തുകാരൻ ലോനപ്പൻ ജോർജ് | 9048781781 |
| മഞ്ഞളി തോമസ് ആന്റണി | 9995624899 |
| കള്ളാപറമ്പിൽ ദേവസി ജോസ് | 9446329122 |
| തൊമ്മാന വാറുണ്ണി ചാർളി | 9847262199 |
| മുളരിക്കൽ ദേവസി ജേക്കബ് | 9447673488 |
| കാറളത്തുകാരൻ ജിമ്മി ജോയ്സി | 9497624488 |
| അരണാട്ടുകരക്കാരൻ അന്തോണി ഡേവിസ് | 9496248499 |
| തട്ടിൽ മണ്ടി ചാക്കപ്പൻ ലോനപ്പൻ | 9495884167 |
| കൂടലി ജോസ് ഡിസോള | 9020289915 |
| പള്ളിത്തറ ജോർജ്ജ് മേരി | 2824170 |
| റവ.സി.ജീൻ മേരി FCC | 2822935 |
| റവ.ഫാ.സിബു കള്ളാപറമ്പിൽ | 9048281320 |

## കുടുംബയുണിറ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ

| പേര് | ഫോൺനമ്പർ | യൂണിറ്റ് |
|---|---|---|
| ഐനിക്കൽ നെന്മണിക്കര സാം തോംസൺ | 2833960 | സെന്റ്. ആന്റണീസ് 1 |
| ആഴ്ചങ്ങാടൻ ബാബു സെലീന | 2833124 | സെന്റ്. ആന്റണീസ് 1 |
| എറാട്ടുകാരൻ പൊറിഞ്ചു ജോർജ് | 9605666658 | സെന്റ്. ആന്റണീസ് 2 |
| മാന്ത്ര ജോൺസൺ എൽസി | 9747664443 | സെന്റ്. ആന്റണീസ് 2 |

| | | |
|---|---|---|
| അറയ്ക്കൽ ജോർജ് ജോൺസൻ | 2822233 | സെന്റ്. ജോസഫ് |
| പൊന്തോക്കൻ റാഫേൽ എൽസി | 2834213 | സെന്റ്. ജോസഫ് |
| കരോട്ടുപറമ്പിൽ വറീത് ജോസഫ് | 9961998142 | ഹോളിക്രോസ് |
| ചക്കാലയ്ക്കൽ പൗലോസ് മാഗി | 9400281870 | ഹോളിക്രോസ് |
| തെക്കിനിയത്ത് ജോസഫ് ഷാനി | 9846679143 | സെന്റ്. സെബാസ്റ്റ്യൻ |
| ചാക്കോര്യ ടോമി ബീന | 2888941 | സെന്റ് സെബാസ്റ്റ്യൻ |
| പീനിക്ക സണ്ണി വിജു | 9846095428 | സെന്റ്. ഗീവർഗ്ഗീസ് |
| മാളിയേക്കൽ പൗലോസ് ആന്റണി | 9387290082 | സെന്റ്. ഗീവർഗ്ഗീസ് |
| ചാക്കോര്യ ജോസ് സൈമൺ | 8547424191 | സെന്റ്. ജോർജ് |
| കളളാപറമ്പിൽ ജോൺസൻ ബിന്ദു | 9895194234 | സെന്റ്. ജോർജ് |
| എടത്തിരുത്തിക്കാരൻ തോമസ് ടോമി | 9846992178 | സെന്റ്. ജോൺ 1 |
| എരഞ്ഞത്തുപറമ്പിൽ ഡേവീസ് ഷൈജി | 2828285 | സെന്റ്. ജോൺ 1 |
| ആലപ്പാടൻ ലാസർ ജോണി | 9544521257 | സെന്റ്. ജോൺ 2 |
| കച്ചറയ്ക്കൽ ആന്റു ബീന | 9947433602 | സെന്റ്. ജോൺ 2 |
| ആഴ്ചങ്ങാടൻ ആന്റണി പ്രസാദ് | 9447121116 | മദർ തെരേസ |
| മുളരിക്കൽ ജേക്കബ് ബീന | 9645111984 | മദർ തെരേസ |
| തെക്കൂടൻ വർക്കി ജോൺസൻ | 9747238650 | സെന്റ്. സേവിയേഴ്സ് |
| കുറ്റിക്കാടൻ വർഗ്ഗീസ് ബിനി | 2821062 | സെന്റ്. സേവിയേഴ്സ് |
| കൊരുമ്പേരി റപ്പായി ജെയ്സൻ | 9744281886 | സെന്റ്. റോസ് |
| തെങ്ങോലപ്പറമ്പിൽ ഓപ്പൻ ഷീല | 9747166998 | സെന്റ്. റോസ് |
| ഇഞ്ചോടിക്കാരൻ പൊറിഞ്ചു ഡേവീസ് | 9847999808 | സെന്റ്. അൽഫോൺസ |
| പളളിത്തറ വർഗ്ഗീസ് ജിംസി | 9847448084 | സെന്റ്. അൽഫോൺസ |
| കോപ്പുളളി ദേവസി തോമസ് | 2820788 | സെന്റ്. മേരീസ് 1 |
| മാളിയേക്കൽ ജോൺ ബീന | 3209340 | സെന്റ്. മേരീസ് 1 |
| കിടങ്ങുപറമ്പിൽ റപ്പായി ആന്റു | 9495276419 | സെന്റ്. മേരീസ് 2 |
| ചാലിശ്ശേരി ജോൺസൻ ഷേർളി | 9048433297 | സെന്റ്. മേരീസ് 2 |

# പ്രാർത്ഥനയുടെ അന്ത:സത്ത

അനന്ത് അറയ്ക്കൽ

പ്രാർത്ഥനയുടെ അന്ത:സത്ത എന്തായിരിക്കണമെന്ന് വ്യക്തമാക്കാൻ യഹൂദ റബ്ബി ഉദ്ധരിച്ച ഒരു കഥ ഇപ്രകാരമാണ്.

കാലികളെ മേയ്ക്കുന്ന നിരക്ഷരനായ ഒരു ബാലൻ. മതപരമായി ചിട്ടപ്പെടുത്തിയ ഔദ്യോഗിക പ്രാർത്ഥന ഉരുവിടാൻ അവനു പ്രാപ്തിയില്ലെങ്കിലും നൈസർഗികമായി അവൻ തോന്നിയ വാക്കുകളിൽ പ്രാർത്ഥിക്കുമായിരുന്നു. ''ലോകത്തിന്റെ കർത്താവായ ദൈവമേ, അങ്ങേക്ക് അറിവുള്ള ഒരു കാര്യമുണ്ട്. മറ്റുള്ളവരുടെ കാലികളെ മേയ്ക്കുവാൻ ഞാൻ കൂലി വാങ്ങിച്ചാലും, അങ്ങേക്ക് കാലികൾ ഉണ്ടായാൽ അത് മേയ്ക്കുവാൻ ഞാൻ കൂലി വാങ്ങുകയില്ല. കാരണം ഞാൻ അങ്ങയെ സ്നേഹിക്കുന്നു.'' ഒരു ദിവസം പണ്ഡിതനായ ഒരു മതാചാര്യൻ ഈ പ്രാർത്ഥന കേട്ട് ദേഷ്യപ്പെട്ടു പറഞ്ഞു, എടാ, വിഡ്ഢി, അങ്ങനെയല്ല പ്രാർത്ഥിക്കേണ്ടത്. പിന്നെ എങ്ങനെയെന്ന ബാലന്റെ ചോദ്യത്തിന് ആ പണ്ഡിതൻ കാനോനിക പ്രാർത്ഥനയും മറ്റും പഠിപ്പിച്ചു. പഴയ പ്രാർത്ഥന ഉരുവിടരുതെന്ന് വിലക്കുകയും ചെയ്തു. പക്ഷേ പുതിയ പ്രാർത്ഥന ഉരുവിടാൻ ആ ബാലനു കഴിഞ്ഞില്ല. ഒന്നും തന്നെ ഓർക്കുവാൻ അവനു കഴിഞ്ഞില്ല. പഴയ പ്രാർത്ഥന വിലക്കിയതുകൊണ്ട് അതും ചൊല്ലാൻ ബാലൻ മുതിർന്നില്ല. രാത്രിയിൽ പണ്ഡിതന് ഒരു സ്വപ്നമുണ്ടായി. തെറ്റു തിരുത്താനും, അല്ലാത്തപക്ഷം വരും യുഗത്തിലെ എന്റെ ഒരംഗത്തെ എന്നിൽ നിന്നും നീ മാറ്റി കളയുകയാണ് ചെയ്യുന്നതെന്ന്. പണ്ഡിതൻ ഉടൻതന്നെ തെറ്റു തിരുത്തി.

ഒന്നും അറിയാത്തവൻ ഹൃദയത്തിന്റെ ഭാഷയിൽ പ്രാർത്ഥിക്കുന്നു. അത് ദൈവ സമക്ഷം സ്വീകാര്യവും പ്രസാദകരവുമാണ്. ആ പ്രാർത്ഥന അമൂല്യമായി ദൈവം അംഗീകരിക്കുന്നു. ഹൃദയങ്ങളെ അറിയുന്നവനാണ് ദൈവം. ഗാന്ധിജി പ്രാർത്ഥനയെ പറ്റി പ്രസ്താവിച്ചത് ഇവിടെ പ്രസക്തമാണ്. ''പ്രാർത്ഥനയിൽ ഹൃദയം പതിയാത്ത വാക്കുകളേക്കാൾ ഉത്തമം വാക്കുകൾ ഇല്ലാത്ത ഹൃദയമാണ്.'' വാക്കുകളുടെ കൊഴുപ്പോ ഘടനയോ അല്ല, പ്രാർത്ഥനയിൽ ഹൃദയം പതിഞ്ഞിരിക്കണം.

പല പ്രവാചകരും ഈ ആശയം ഉയർത്തിപ്പിടിക്കുന്നു. യേശുക്രിസ്തു ഗിരി പ്രഭാഷണത്തിൽ പറയുന്നു. ''പ്രാർത്ഥിക്കുമ്പോൾ വിജാതിയരെപ്പോലെ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപോലെ ആകരുത്.'' ചിട്ടപ്പെടുത്തിയതും ക്രമീകൃതവും പരമ്പരാഗതവുമായ പ്രാർത്ഥനകൾ അപ്രസക്തമാണെന്നു വരുന്നില്ല. എല്ലാ മത

ങ്ങളിലും അത്തരം പ്രാർത്ഥനാ സൂക്തങ്ങൾ തലമുറകളായി കൈമാറി വരുന്നു. എല്ലാറ്റിലും പ്രധാനം വാക്കുകളിലും അവയിൽ പ്രതിഫലിച്ചിട്ടുള്ള ചിന്തകളിലും പ്രാർത്ഥിക്കുന്നവന്റെ മനസ്സ് പതിഞ്ഞിരിക്കണം എന്നതാണ്. വി.കുർബ്ബാനയിൽ കാർമികൻ നടത്തുന്ന ഒരാഹ്വാനം ശ്രദ്ധേയമാണ്. "നിങ്ങളുടെ ഹൃദയവിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ." ജനം അതിന് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമെ, ആരാധ്യനായ രാജാവെ, അങ്ങയുടെ സന്നിധിയിലേക്ക് എന്ന് ഉത്തരമരുളുന്നു. അതുകൊണ്ട് പ്രാർത്ഥനയുടെ അന്തസത്ത "അത് ഹൃദയത്തിൽ നിന്ന് ഉയരുന്നു" എന്നുള്ളതാണ്.

## വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം നോർത്ത് | പള്ളിത്തറ | ദേവസ്സി + മേരി | ഷാന്റോ | 15-05-2013 |
| നന്തിപുലം | കവലക്കാട്ട് കുറിച്ചിപറമ്പിൽ | ദേവസ്സി + റോസിലി | ഷെൽമ | |

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| തുറവൻകാട് | കാരാത്രക്കാരൻ | ജോൺ + സീന | എബി (വർക്കി) | 11-01-2013 | 3-05-2013 |

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| അരണാട്ടുകരക്കാരൻ വർഗ്ഗീസ് മകൾ ലിദിയ | 12-05-2013 | സെന്റ് ജോൺ II |
| പള്ളിത്തറ വിൽസൺ ഭാര്യ മേരി | 20-05-2013 | മദർ തെരേസ |
| വെളുത്തുക്കാരൻ ജോസഫ് പോൾ | 8-06-2013 | ഗീവർഗീസ് |

## ഹോളി വോയ്സ് താരിഫ്

| | | |
|---|---|---|
| ബാക്ക് കവർ | - മൾട്ടി കളർ | - 1500 |
| ഫ്രണ്ട് കവർ | - ഇന്നർ മൾട്ടി കളർ | - 1200 |
| ബാക്ക് കവർ | - ഇന്നർ മൾട്ടി കളർ | - 1100 |
| ഇന്നർ ഫുൾപേജ് | - മൾട്ടി കളർ | - 900 |
| ഇന്നർ ഹാഫ് പേജ് | - മൾട്ടി കളർ | - 600 |
| ഫുൾപേജ് | - ബ്ലാക്ക് ആന്റ് വൈറ്റ് | - 500 |
| ഹാഫ് പേജ് | - ബ്ലാക്ക് ആന്റ് വൈറ്റ് | - 300 |
| ഉപകാരസ്മരണ | - ബ്ലാക്ക് ആന്റ് വൈറ്റ് | - 200 |

NB: പരസ്യങ്ങൾ ഇ-മെയിൽ വഴിയും സ്വീകരിക്കുന്നതാണ്.

holyvoicemapranam@gmail.com

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

1. പോർച്ചുഗൽ ഓപ്പണിൽ റഷ്യയുടെ അനസ്താസിയ പാവ്‌ലിയു ചെങ്കോയ്ക്ക് കിരീടം.
2. മാൻ ബുക്കർ ഇന്റർനാഷ്ണൽ സമ്മാനം അമേരിക്കൻ എഴുത്തുകാരി ലിഡിയ ഡേവിസിന്
3. എവറസ്റ്റ് കൊടുമുടിയുടെ നെറുകയിൽ മനുഷ്യൻ കാൽകുത്തിയിട്ട് 60 വർഷം തികഞ്ഞു. 1953ൽ മെയ് 29 നാണ് എഡ്മണ്ട് ഹിലാരിയും മാൻസിംഗ് നോർഗേയും ചേർന്ന് 8848 മീ. ഉയരമുള്ള ഈ പർവ്വതത്തെ കാൽചുവട്ടിലാക്കിയത്.
4. നവാസ് ഷെരീഫ് പാക് പ്രധാനമന്ത്രിയായി ചുമതലയേറ്റു.
5. ലോക വ്യാപാര സംഘടയ്ക്ക് (W.T.O) പുതിയ മേധാവിയായി ബ്രസീലിന്റെ റോബർട്ടോ അസവെദോയെ തിരഞ്ഞെടുത്തു.
6. കൂടംകുളം ആണവനിലയത്തിന് സുപ്രീംകോടതിയുടെ പ്രവർത്തനാനുമതി ലഭിച്ചു. തമിഴ്നാട്ടിലാണ് കൂടംകുളം ആണവനിലയം സ്ഥിതി ചെയ്യുന്നത്.
7. കർണാടകയുടെ 22-ാമത് മുഖ്യമന്ത്രിയായി സിദ്ധരാമയ്യ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.
8. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗമായി സുപ്രീംകോടതി മുൻ ജഡ്ജി സിറിയക് ജോസഫ് ചുമതലയേറ്റു.
9. ചെന്നൈയിൽ നടന്ന ദേശീയ സീനിയർ അത്‌ലറ്റിക് മീറ്റിൽ കേരളത്തിന് തുടർച്ചയായി 7-ാം കിരീടം. 11 സ്വർണ്ണവും 4 വെള്ളിയും 7 വെങ്കലവും കേരളം കരസ്ഥമാക്കി.
10. തുടർച്ചയായി ഏറ്റവും കൂടുതൽക്കാലം പ്രതിരോധമന്ത്രിയായി എ.കെ. ആന്റണി ചരിത്രത്തിൽ സ്ഥാനം പിടിച്ചു.
11. മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി - ശ്രേഷ്ഠ ഭാഷാപദവി ലഭിക്കുന്ന ഇന്ത്യയിലെ അഞ്ചാമത്തെ ഭാഷയാണ് മലയാളം. - മലയാളഭാഷാ സർവ്വകലാശാല തിരൂരിലാണ് സ്ഥിതി ചെയ്യുന്നത്.
12. ആരോഗ്യകിരണം - 18 വയസിന് താഴെയുള്ള എല്ലാ കുട്ടികൾക്കും ഏതു രോഗത്തിനും സൗജന്യപ്രദമായ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണിത്.
13. അഡ്വ. പി.വി. ജോഷി സംസ്ഥാന ന്യൂനപക്ഷകമ്മീഷനംഗമായി നിയമിക്കപ്പെട്ടു.
14. ജനനി ജന്മരക്ഷാ പദ്ധതി - താഴ്ന്ന വരുമാനകാർക്ക് ഗർഭം ധരിച്ച് മൂന്നുമാസം മുതൽ കുഞ്ഞിന് ഒരു വയസാകുന്നതു വരെയുള്ള 18 മാസം പ്രതിമാസം 1000 രൂപ വീതം നൽകുന്ന പദ്ധതി നിലവിൽ വന്നിരിക്കുന്നു.

# ജാലകത്തിലൂടെ.......

**ജെസ്റ്റിൻ മംഗലത്ത്**

മനുഷ്യകുലത്തിന്റെ വികാസ പരിണാമങ്ങളിൽ അതിവേഗതയെ സാക്ഷ്യം നിർത്തിക്കൊണ്ടുള്ള വളർച്ചയുടെ കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയികൊണ്ടിരിക്കുന്നത്. നമുക്കു ചുറ്റും കാണുന്ന പലതും അമ്പരപ്പുളവാക്കുന്നു. അജ്ഞത അവയെ നമ്മിൽ നിന്നകറ്റുന്നു. സർക്കാർ സേവനങ്ങളിലും നടപടിക്രമങ്ങളിലുമുള്ള അറിവില്ലായ്മ യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നും നമ്മെ അകറ്റുന്നു. നമുക്കു ചുറ്റമുള്ള വിവിധങ്ങളായ വിഷയങ്ങളിലൂടെ ജാലകവാതിലുകൾ തുറന്നൊരു യാത്ര. വസ്തുതകളെ കൂടുതൽ പ്രകാശമാനമാക്കാൻ നമുക്കു സാധിക്കും. ഈ ലക്കത്തിൽ **ഇന്ത്യൻ വിവരാവകാശ നിയമം - 2005** നെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

ഭരണഘടനാപ്രകാരമോ ലോകസഭയുടേയോ നിയമസഭയുടേയോ നിയമം വഴിയോ, സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപവത്ക്കരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും, കൂടാതെ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായധനം ലഭിക്കുന്ന സർക്കാരിതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

മേൽ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതിന് അവിടത്തെ നിർദ്ദിഷ്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയ്ക്ക് പ്രത്യേക മാതൃകയോ രീതിയോ പറയുന്നില്ല. വെള്ളകടലാസിൽ എഴുതി തയ്യാറാക്കി പത്തു രൂപ ഫീസ് സഹിതം അപേക്ഷ നൽകാം. ആയത് നേരിട്ടോ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയോ ആകാം. അപേക്ഷ നൽകുന്നതിന്റെ ഉദ്ദേശ്യം സൂചിപ്പിക്കണമെന്നില്ല.

അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം അപേക്ഷകന് ആവശ്യപ്പെട്ട വിവരം നൽകിയിരിക്കണം. എന്നാൽ, അടിയന്തിരഘട്ടങ്ങളിൽ (വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ) 48 മണിക്കൂറിനകം വിവരങ്ങൾ നൽകണം. മറുപടിയിൽ തൃപ്തനല്ലെങ്കിൽ പരാതിക്കാരന് അപ്പീൽ നൽകാവുന്നതാണ്.

ഈ നടപടി ക്രമങ്ങൾക്ക് കോട്ടം വരികയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷ ഉൾപ്പെടെയുള്ള തുടർ നടപടികൾക്കും നിയമം അനുശാസിക്കുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനാണ് ഇതു സംബന്ധിച്ച അന്തിമ നടപടികൾ എടുക്കേണ്ടത്.

കമ്മീഷന്റെ വിലാസം: സംസ്ഥാന വിവരാവകാശകമ്മീഷൻ, T.C. 26/298, പുന്നൻ റോഡ്, തിരുവനന്തപുരം - 695039, ഫോൺ: 0471 2335199, 2320920, ഇമെയിൽ : sic@kerala.nic.in, വെബ് : www.keralasic.gov.in.

**ജനാധിപത്യ സംവിധാനത്തിൽ ജനമാണ് രാജാവെന്ന് ഈ നിയമം ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു.**

# ബൈബിൾ കലണ്ടർ : ജൂലായ് - 2013

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1.<br>ഗലാ 2:15-21<br>മർക്കോ.<br>9:17-27(9:14-29) | 2<br>ഗലാ 1:6-10<br>മർക്കോ<br>9:38-41 | 3<br>എഫേ 2:19-22<br>യോഹ<br>20:24-29 | 4<br>2 കൊറി1:8-11<br>ലൂക്കാ<br>16:1-10 | 5<br>റോമ 8:28-39<br>മത്താ 10:37-42 | 6<br>ഗലാ 3:10-14<br>ലൂക്ക 9:37-43 |
| 7<br>അപ്പ 5:12-16<br>2കൊറി1:8-14<br>ലൂക്കാ14:7-14<br>(14:1-14) | 8<br>കൊളോ3:12-17<br>ലൂക്കാ 15:8-10 | 9<br>എഫേ 3:1-7<br>ലൂക്കാ 7:1-10 | 10<br>എഫേ 3:8-13<br>യോഹ 4:39-42 | 11<br>എഫേ 3:14-21<br>മർക്കോ<br>8:22-26 | 12<br>2കൊറി10:4-18<br>ലൂക്കാ 12:1-12<br>(12:4-12) | 13<br>ഗലാ 1:11-17<br>മർക്കോ1:14-20 |
| 14<br>ഏശയ്യ 4:2-6<br>2കൊറി 3:4-11<br>ലൂക്കാ 15:1-7<br>(15:1-32) | 15<br>2കൊറി11:1-6<br>യോഹ 7:14-24 | 16<br>1 യോഹ<br>5:1-12<br>മർക്കോ<br>6:45-52 | 17<br>1പത്രോ<br>3:13-17<br>മത്താ 19:27-29 | 18<br>യാക്കോ1:2-8<br>മർക്കോ<br>11:20-26 | 19<br>1 കൊറി 15:1-11<br>യോഹ 20:19-29 | 20<br>റോമ 4:1-11<br>യോഹ 7:32-39 |
| 21<br>ഏശയ്യ 5:1 -7<br>2 കൊറി 7:2-11<br>യോഹ 9:1-12 | 22<br>റോമ 7:1-6<br>മർക്കോ<br>12:18-27 | 23<br>യാക്കോ 3:13-18<br>ലൂക്കാ 4:26-30 | 24<br>റോമ 8:31-39<br>മർക്കോ4:21-25 | 25<br>1 കൊറി 4:6-15<br>മത്താ 20:20-28 | 26<br>റോമ 7:7-13<br>മത്താ 1:1-16 | 27<br>ഗലാ 2:19-21<br>യോഹ 12:20-26 |
| 28<br>ഏശയ്യ 9:8-21<br>2കൊറി 10:7-18<br>മർക്കോ 7:1-13 | 29<br>റോമ 11:1-7<br>മർക്കോ10:46-52 | 30<br>യാക്കോ 1:9-11<br>മത്താ 18:1-5 | 31<br>യാക്കോ 5:1-6<br>ലൂക്കാ 18:25-30 | | | |